**മധുരമായ കുട്ടികളെ– നിങ്ങൾ ഈ ആത്മീയ വിശ്വവിദ്യാലയത്തിലേയ്ക്കു വന്നത് മഠയന്മാരിൽ നിന്ന് ബുദ്ധിവാന്മാരായി മാറാനാണ്, ബുദ്ധിവാൻ അർത്ഥം പവിത്രം, പവിത്രമായി മാറുന്നതിനുള്ള പഠിപ്പ് നിങ്ങൾ ഇപ്പോൾ പഠിക്കുകയാണ്.**

**ചോദ്യം**– ബുദ്ധിവാന്മാരായ കുട്ടികളുടെ മുഖ്യ ലക്ഷണങ്ങൾ കേൾപ്പിക്കൂ?
**ഉത്തരം**– ബുദ്ധിവാനായ കുട്ടികൾ സദാ ജ്ഞാനത്തിൽ കളിച്ചുകൊണ്ടിരിക്കും. അവർക്ക് വളരെ ഉയർന്ന ലഹരി കയറിയിട്ടുണ്ടാകും. അവരുടെ ബുദ്ധിയിൽ സൃഷ്ടിചക്രത്തിന്റെ മുഴുവൻ ജ്ഞാനവും ഉണ്ടായിരിക്കും. നമ്മുടെ ബാബ നമുക്കായി പരമധാമത്തിൽ നിന്നും വന്നിരിക്കുകയാണ് , നമ്മൾ ബാബയുടെ കൂടെ പരമധാമത്തിലായിരുന്നു ഉണ്ടായിരുന്നത് എന്ന ലഹരിയുണ്ടായിരിക്കും. നമ്മുടെ ബാബ ജ്ഞാനസസാഗരനാണ്, നമ്മൾ ഇപ്പോൾ മാസ്റ്റർ ജ്ഞാനസാഗരനായി മാറിയിരിക്കുന്നു. ബാബ നമുക്ക് മുക്തി ജീവന്മുക്തിയുടെ സമ്പത്ത് നൽകാൻ വന്നിരിക്കുകയാണ്.

**ഗീതം**– എൻ മനസ്സിൻ പടിവാതിൽക്കൽ വന്നവനാരോ...........

**ഓംശാന്തി.** ജീവാത്മാക്കൾക്ക് അറിയാം നമുക്ക് പരമപിതാ പരമാത്മാവ് സന്മുഖത്തിരുന്ന് പഠിപ്പിച്ചുതരികയാണ് അർത്ഥം രാജയോഗം പഠിപ്പിക്കുകയാണ്. അതിനാൽ ഇത് ഈശ്വരീയ യൂണിവേഴ്സിറ്റിയാണ്. എന്തുകൊണ്ടാണ് യൂണിവേഴ്സിറ്റി എന്ന് പറയുന്നത്? സാധാരണ ലോകത്തുള്ള യൂണിവേഴ്സിറ്റികളെപ്പോലെ പേരുവെച്ചതല്ല. വിദേശത്തും അനവധി വിദ്യാലയങ്ങളുണ്ട് എന്നാൽ അവിടെ വെളുത്ത വർഗ്ഗക്കാർ കറുത്തവർഗ്ഗക്കാരെ പഠിക്കാൻ അനുവദിക്കില്ല. എങ്കിൽ പിന്നെ അത് എങ്ങനെ വിശ്വവിദ്യാലയമാകും. അതിനെ യൂണിവേഴ്സിറ്റി എന്നു വിളിക്കാൻ കഴിയില്ല. ഇവിടെ നിങ്ങൾ കുട്ടികൾക്ക് അറിയാം– ഇത് സത്യം സത്യമായ ഈശ്വരീയ വിശ്വവിദ്യാലയമാണ്. പക്ഷേ ആർക്കും മനസ്സിലാക്കാൻ കഴിയില്ല എന്തെന്നാൽ ബുദ്ധുവാണ്. ബുദ്ധുവിനെ ബുദ്ധിവാനാക്കി മാറ്റുന്നത് ഒരേഒരു ബാബയാണ്. മനുഷ്യർ ബുദ്ധിവാന്മാർക്കു മുന്നിൽ തലകുനിക്കുന്നു. ദേവീ ദേവതകൾക്കുമുന്നിൽ സന്യാസിമാർക്കുമുന്നിൽ ചെന്ന് തലകുനിക്കുന്നു. സന്യാസി പവിത്രമായതിനാൽ തീർച്ചയായും ബുദ്ധിവാനാണ്. പവിത്രത നല്ലതാണെന്ന് അംഗീകരിക്കുന്നു. ഈ വികാരങ്ങളാണ് മനുഷ്യനെ ബുദ്ധിമുട്ടിക്കുന്നത് അതിനാൽ ഗൃഹസ്ഥത്തിലുള്ളവർ പവിത്രമായിരിക്കുന്ന സന്യാസിമാർ ബുദ്ധിവാന്മാരെന്ന് മനസ്സിലാക്കുന്നു എന്നിട്ട് അവരുടെ പാദങ്ങളിൽ ചെന്ന് വീഴുന്നു. സന്യാസിയെക്കണ്ടു ഉടനെ ചെന്ന് കാലിൽവീണു, കഴിഞ്ഞു. എന്നാൽ ഇന്ന് അവർക്കുള്ള അംഗീകാരത്തിന് കുറവ് വന്നിട്ടുണ്ട് അതിനാൽ ജനങ്ങൾ വളരെ ശ്രദ്ധിച്ചാണ് നീങ്ങുന്നത്. മുമ്പൊക്കെ സന്യാസിയെ കണ്ടു ഉടനെ ക്ഷണിക്കുമായിരുന്നു– സ്വാമീജി, ഞങ്ങളുടെ വീട്ടിലേയ്ക്ക് വരുമോ. ഇപ്പോഴാണെങ്കിൽ അവർ വളരെ കൂടുതലാണ്, കൂടാതെ തമോപ്രധാനവുമായി, അതിനാൽ വളരെ പ്രശസ്തരായവർക്ക് മാത്രമേ അംഗീകാരമുള്ളു. വലിയ ആളുകൾ പോലും അവർക്ക് മുമ്പിൽ തല കുനിക്കുന്നു– എന്തുകൊണ്ട്? സന്യാസിമാരേക്കാൾ പഠിപ്പുള്ളവരുമായിരിക്കാം. പക്ഷെ സന്യാസിമാർ പവിത്രമാണ്, സന്യാസം സ്വീകരിച്ചവർ ബുദ്ധിവാന്മാരാണെന്നു മനസ്സിലാക്കുന്നു. ഇപ്പോൾ നിങ്ങൾ ബുദ്ധിവാനായി മാറുന്നു. നിങ്ങൾ ഇപ്പോൾ രചയിതാവിനേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയും അറിയുന്നു. എന്നാൽ നിങ്ങളിൽ എല്ലാവർക്കും ഒരുപോലെ അത്ര ലഹരിയില്ല. ലഹരി വർദ്ധിക്കുന്നതിനും സമയം എടുക്കും. പരിപൂർണ്ണ ലഹരി അന്തിമ സമയത്താണ് ഉണ്ടാവുക. ഇപ്പോൾ നിങ്ങൾ എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും ലഹരി വർദ്ധിക്കും. നിരന്തരം ഈ ഓർമ്മയുണ്ടാവണം– നമ്മൾ ആത്മാക്കളുടെ അച്ഛൻ പരമാത്മാവ് വന്നിരിക്കുന്നു. വിശ്വത്തിന്റെ അധികാരിയാക്കുന്നതിനായി നമ്മെ പഠിപ്പിക്കുകയാണ്. അതിനാൽ പുരുഷാർത്ഥം ചെയ്യുന്നതിനുള്ള ശുഭചിന്ത ഉണ്ടാകണം. എല്ലാവർക്കും ആ ചിന്ത ഉണ്ടാകുന്നില്ല. ഇവിടെ നിന്ന് കേൾക്കുമ്പോൾ ലഹരി കയറുന്നു, ഇവിടെ നിന്നു പുറത്ത് പോയി, കളിയും കഴിഞ്ഞു. നമ്പർവൈസല്ലേ. നമ്മൾ ആത്മാക്കളുടെ അച്ഛൻ വന്നിരിക്കുകയാണ്. നമ്മൾ അച്ഛനോടൊപ്പം പരമധാമത്തിൽ വസിച്ചിരുന്നു. ഇങ്ങനെ മറ്റാരും മനസ്സിലാക്കുന്നില്ല. സാധു–സന്യാസിമാരും പവിത്രമാണ്. നിങ്ങളിലും നമ്പർവൈസാണ്. നമ്മുടെ പരമപിതാവ് പരമാത്മാവ് ജ്ഞാനസാഗരനും ജീവന്മുക്തിദാതാവും നമ്മെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നവരുമാണെന്ന നിശ്ചയം എല്ലാവർക്കും വന്നിട്ടില്ല. ഇവിടെനിന്ന് കാല് പുറത്ത് വച്ചു ആ സന്തോഷം അപ്രത്യക്ഷമായി. അല്ലായെങ്കിൽ നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം!

ഞാനും ഈ ശരീരത്തിന്റെ ആധാരമെടുത്തിരിക്കുകയാണ്. അല്ലെങ്കിൽ പിന്നെങ്ങനെ രാജയോഗം പഠി

പ്പിക്കും? എനിക്ക് സ്വന്തമായി ശരീരമില്ല. ക്ഷേത്രങ്ങളിൽ നോക്കൂ എല്ലാവർക്കും തന്റെ ശരീരമുണ്ട്. ഞാനാണെങ്കിൽ അശരീരിയാണ്. ബാക്കി എല്ലാവർക്കും ആകാരീ അല്ലെങ്കിൽ സാകാരീ ശരീരം ലഭിച്ചിട്ടുണ്ട്. എനിക്ക് ശരീരമില്ല. സോമനാഥ ക്ഷേത്രമുണ്ട് അതായത് ശിവന്റെ ഏത് ക്ഷേത്രത്തിൽ നോക്കിയാലും നിരാകാരീ രൂപമാണ്. കേവലം ഭിന്ന ഭിന്ന നാമങ്ങൾ വെച്ചിരിക്കുന്നു. ഇക്കാര്യമറിയാം ആത്മാവ് പരമധാമത്തിൽ നിന്നാണ് വരുന്നത്. ഭിന്ന ഭിന്ന ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുന്നു. ഞാൻ ഈ 84ന്റെ ചക്രത്തിൽ വരുന്നില്ല. ഞാൻ പരമധാമത്തിൽ വസിക്കുന്നവനാണ്. ഈ ശരീരത്തിൽ വന്നിരിക്കുകയാണ്. നിങ്ങൾ ചോദിക്കും നിരാകാരന് എങ്ങനെ വരാൻ കഴിയും? ഓ, വരാൻ കഴിയും. നിങ്ങൾ പിതൃക്കളെ കഴിപ്പിക്കുമ്പോൾ വരുന്നുണ്ടല്ലോ. ശരീരമല്ലല്ലോ വരുന്നത്. ആത്മാവാണ് പ്രവേശിക്കുന്നത്. ആത്മാവ് മറ്റൊരു ശരീരത്തിൽ പ്രവേശിക്കുകയാണെന്ന് മനസ്സിലാക്കുന്നു. ചില ഭൂതങ്ങളുടെ ആത്മാവ് വളരെ ചഞ്ചലമാണ്. കല്ല് എറിയുന്നു. ആത്മാവ് ശരീരത്തിൽ വരുമ്പോൾ മാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയൂ, അതിനെയാണ് പ്രേതം എന്ന് പറയുന്നത്. അശുദ്ധ ആത്മാക്കളും പ്രവേശിക്കാറുണ്ട്. നിങ്ങൾ കുട്ടികൾക്ക് അനുഭവമുണ്ട് എങ്ങനെയാണ് അശുദ്ധ ആത്മാക്കൾ അലഞ്ഞുതിരിയുന്നതെന്ന്. ഏതുവരെ സ്വന്തം ശരീരം ലഭിക്കുന്നില്ലയോ അതുവരെ അലയും. ശുദ്ധാത്മാക്കളും വരും. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. എന്തെല്ലാം കഴിഞ്ഞുപോയോ എല്ലാം ഡ്രാമയിലെ കളിയാണ്. ബാബ മനസ്സിലാക്കിത്തരുന്നു– ഞാൻ വന്ന് സാധാരണ വൃദ്ധശരീരത്തിലാണ് പ്രവേശിക്കുന്നത്. തീർച്ചയായും അനുഭവിയായ ഒരാളുടെ ശരീരം ആവശ്യമാണല്ലോ. ബ്രഹ്മാവിന്റെ പേര് പ്രശസ്തമാണ്. ബ്രഹ്മാവിന്റെ അഭിപ്രായവും പ്രശസ്തമാണ്. ബ്രഹ്മാവിന് എവിടെ നിന്നാണ് നിർദ്ദേശങ്ങൾ ലഭിക്കുന്നത്? ബ്രഹ്മാവ് ശിവബാബയുടെ കുട്ടിയാണ്. അതിനാൽ ശിവബാബയുടേതാണ് ശ്രീമതം. അതിനാൽ മുഖ്യമായ ശ്രീമത്ത് ബ്രഹ്മാവിനായിരിക്കും എന്തെന്നാൽ ബാബ ആ ശരീരത്തിലാണ് വന്ന് പ്രവേശിക്കുന്നത്. ഭാരതവാസികൾക്ക് ഈ കാര്യമൊന്നും അറിയില്ല. അവർ മനസ്സിലാക്കുന്നത്– എല്ലാവരും ഒന്നാണെന്നാണ്. കൃഷ്ണനും ശിവനും എല്ലാം ഒന്നുതന്നെ. കൃഷ്ണനെ മഹാത്മാവ് യോഗേശ്വരൻ എന്ന് പറയുന്നു. എന്തുകൊണ്ട് അങ്ങനെ വിളിക്കുന്നു? അത് മനസ്സിലാക്കുന്നില്ല. കൃഷ്ണന്റെ ആത്മാവ് ഇപ്പോൾ ഈശ്വരനിലൂടെ യോഗം പഠിച്ച് യോഗേശ്വരനായി മാറുന്നു. എത്ര ഗുപ്തമായ രഹസ്യമാണ്! മനുഷ്യർ പറയുന്നു– പരമാത്മാവ് നാമരൂപങ്ങളിൽ നിന്നും വേറിട്ടതാണ്, ശരീരമില്ല. എന്നാൽ നിങ്ങൾ പറയുന്നു– സോമനാഥക്ഷേത്രം ശിവന്റെ അവതരണത്തിന്റെ ഓർമ്മചിഹ്നമാണ്. തീർച്ചയായും കല്പം മുമ്പ് ശിവബാബ വന്നിട്ടുണ്ടാകണം ഇപ്പോൾ വന്നിട്ടുമുണ്ട്. പിന്നീട് ദ്വാപരയുഗം മുതൽ ശിവന്റെ ഭക്തി ആരംഭിക്കുന്നു. ശിവരാത്രി ആഘോഷിക്കുന്നു.

ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്, നിങ്ങൾ ആത്മാക്കൾ പരമധാമത്തിൽ നിന്നും പാർട്ട് അഭിനയിക്കാൻ വന്നതാണ്. ആത്മാവ് അവിനാശിയാണ്, ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്. എങ്ങനെയാണോ ബാബ പഴയ ശരീരത്തിൽ വന്നിരിക്കുന്നത് അതുപോലെ നിങ്ങളുമിപ്പോൾ പഴയ ശരീരത്തിലാണ്. ബാബ ഈ പഴയ ശരീരത്തിൽ നിന്ന് മുക്തമാക്കി പുതിയത് നൽകുന്നു. കക്കയിൽ നിന്ന് വജ്രതുല്യമായി എങ്ങനെ മാറാമെന്നുള്ള യുക്തികൾ പറഞ്ഞുതരുന്നു. പ്രിയതമൻ ഒന്നേയുള്ളു എന്നു പാടുന്നുമുണ്ട്. ബാബ പറയുന്നു– ഞാൻ പരമധാമത്തിൽ വസിക്കുന്നവനാണ്, നിങ്ങളും പരമധാമത്തിലായിരുന്നു വസിച്ചത്. ഞാൻ പഴയതിലും പഴയ ശരീരത്തിൽ വന്നിരിക്കയാണ്. നിങ്ങളുടേയും 84 ജന്മങ്ങളുടെ അന്തിമത്തിലെ പതിതശരീരമാണിത്. നിങ്ങളും സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ. നമ്മൾ 84 ജന്മങ്ങൾ അനുഭവിച്ച് തീർത്തു. ഇപ്പോൾ വീണ്ടും പുതിയ ലോകത്തിൽ പുതിയ ശരീരം ലഭിക്കും. എങ്കിൽ എത്ര സന്തോഷത്തിൽ ഇരിക്കണം! നമ്പർവൈസാണ്, ചിലരാണെങ്കിൽ വളരെ മന്ദബുദ്ധിയാണ്. മായ തീർത്തും കല്ലുബുദ്ധിയാക്കിയിരിക്കുന്നു. എങ്ങനെയാണോ ചൂടുചട്ടിയിൽ വെള്ളമൊഴിക്കുമ്പോൾ വറ്റിപ്പോകുന്നത് അതുപോലെ. ഇങ്ങനെ ചുടുള്ള ചട്ടിയാണ്. നിങ്ങൾ കേവലം സ്വയം ആത്മാവാണെന്നും അച്ഛന്റെ കുട്ടിയാണെന്നും മനസ്സിലാക്കൂ. അതുപോലും മനസ്സിലാക്കുന്നില്ല! അഥവാ മനസ്സിലാക്കിയിരുന്നെങ്കിൽ പിന്നെന്തിന് ആശ്ചര്യപ്പെടുത്തിക്കൊണ്ട് ഉപേക്ഷിച്ച് പോകണം? മായ വളരെ ശക്തിശാലിയാണ്. എന്തെങ്കിലും തെറ്റ് ചെയ്താൽ മായ ചെകിട്ടത്ത് അടിക്കും. ബാബ വന്നിരിക്കുകയാണ് സമ്പത്ത് നൽകാൻ, എന്നിട്ടും നിങ്ങൾ വികാരിയാവുകയാണോ. വളരെ ശക്തിയായി അടിക്കുന്നു. ബാബ അടിക്കില്ല. മായയാണ് ചെകിട്ടത്ത് അടിച്ച് മുഖം തിരിപ്പിക്കുന്നത്. ഇങ്ങനെ അനേകം പേർക്ക് മായയുടെ അടി കൊള്ളുന്നു. മായയും പറയുന്നു– നിങ്ങൾ ബാബയെ ഓർമ്മിക്കുന്നില്ലായെങ്കിൽ ഞാൻ അടിക്കും. മായയ്ക്ക് ആജ്ഞ ലഭിച്ചിട്ടുണ്ട്. ബുദ്ധിഹീനനെ ബുദ്ധിവാനാക്കണമെങ്കിൽ പിന്നെന്തുകൊണ്ട് സേവനം ചെയ്യുന്നില്ല. എന്താ ഇപ്പോഴും മായയുടെ അടി കൊള്ളുകയാണോ. വളരെ അധികം അടി കൊള്ളുന്നു– ചിലർ ക്രോധത്തിന്റെ, ചിലർ മോഹത്തിന്റെ അടി കൊള്ളുന്നു. ബാബ പറയുന്നു– നിങ്ങൾ എല്ലാം സറണ്ടർ ചെയ്ത് ട്രസ്റ്റിയായിരിക്കൂ. വികാരങ്ങളേയും ദാനം ചെയ്തശേഷം എന്തിന് കാര്യത്തിൽ ഉപയോഗിക്കുന്നു. വികാരത്തിനാണെങ്കിൽ രൂപമൊന്നുമില്ല. ധനത്തിന്റെ കാര്യത്തിൽ പറയുന്നു ട്രസ്റ്റിയായിരിക്കൂ. കാര്യത്തിൽ

ഉപയോഗിക്കണം, എന്നാൽ വളരെ ശ്രദ്ധയോടെ ശ്രീമതം അനുസരിച്ച് ചെയ്യണം. നിങ്ങളുടെ പൈസ ഉപയോഗിച്ച് ആരും ഒരു വികർമ്മവും ചെയ്യരുത്. ഇല്ലെങ്കിൽ അതിന്റെ ഭാരവും നിങ്ങളുടെ തലയിൽ വരും.

മായ വളരെ തമോപ്രധാനമാണ്. മായയ്ക്കും അറിയും– ഇവർ ബാബയെ നല്ലരീതിയിൽ ഓർമ്മിക്കുന്നില്ല അതിനാൽ ഇവരെ നല്ല അടി കൊടുക്കാം. മായ പറയുന്നു– അഥവാ നിങ്ങൾ ബാബയേയും സമ്പത്തിനേയും ഓർമ്മിക്കുന്നില്ലായെങ്കിൽ ഞാൻ അടിക്കും. വളരെ അധികം കുട്ടികൾ എഴുതാറുണ്ട്– ബാബാ, മായ മുഖത്ത് അടിച്ചു. ബാബയും എഴുതുന്നു– അതേ കുട്ടീ, മായയ്ക്ക് ആജ്ഞ ലഭിച്ചിരിക്കുകയാണ്, നല്ല അടികൊടുത്തോളു എന്തെന്നാൽ നിങ്ങൾ എന്റേതായി മാറുന്നില്ല. നിങ്ങളെ സദാ സുഖിയാക്കി മാറ്റാൻ വന്നിരിക്കുകയാണ്, എന്നിട്ടും നിങ്ങൾ ഓർമ്മിക്കുന്നില്ല. എത്ര സഹജമായ കാര്യമാണ്. പക്ഷേ സമയം എടുക്കും. അല്ലെങ്കിൽ പിന്നെ അച്ഛനേയും സമ്പത്തിനേയും ഓർമ്മിച്ച് സന്തോഷത്തിന്റെ അതിര് കടക്കണം. അവസാനം ഓർമ്മിച്ച് ഓർമ്മിച്ച് എക്കിൾ വരുന്നു–കഴിഞ്ഞു, നമ്മൾ ബാബയുടെ അടുത്തേയ്ക്ക് പോകുന്നു. പിന്നീട് സ്വർഗ്ഗത്തിലേയ്ക്ക് വരും. വളരെ അധികം ലഹരിയോടെ പോകും.

ശരി! ഇത് ആർക്കും അറിയില്ല– ആത്മാവ് പരമാത്മാവിന്റെ പ്രിയതമയാണ്. സത്യംസത്യമായ പ്രിയതമകൾ നിങ്ങളാണ്. അരകല്പം നിങ്ങൾ പ്രിയതമയായി മാറി പ്രിയതമനെ വളരെ അധികം ഓർമ്മിക്കുന്നു. എന്നാൽ ഇത് അറിയുന്നുമില്ല ആത്മാവ് പരമാത്മാവിന്റെയാണ് പ്രിയതമയാകുന്നതെന്ന്. അവർ പറയുന്നു– ആത്മാവ് തന്നെയാണ് പരമാത്മാവ്, പരമാത്മാവ് തന്നെയാണ് ആത്മാവ്. ഇവിടെയാണെങ്കിൽ വളരെ വ്യത്യാസമുണ്ട്. നിങ്ങൾക്ക് അറിയാം പരമാത്മാവാണ് പ്രിയതമൻ. പവിത്രാത്മാവായ ബാബ നമ്മെ എത്ര സുന്ദരമാക്കുന്നു! നമ്മൾ ആത്മാക്കൾ അഴുക്കുള്ളതായതിനാൽ ശരീരവും അഴുക്കുനിറഞ്ഞതായി. ബാബ വന്നിരിക്കുകയാണ് നമ്മെ വീണ്ടും വെളുത്തവരാക്കാൻ പിന്നീട് നമുക്ക് സ്വർണ്ണിമമായ ശരീരവും ലഭിക്കും. സ്വർണ്ണത്തിൽ അഴുക്ക് പിടിക്കുന്നു. ഇപ്പോൾ നോക്കൂ– ഇത് ആദി ദേവന്റെ ക്ഷേത്രമാണ്. ചിലർ അവരുടെ പേര് മഹാവീരൻ എന്ന് വെച്ചു. അർത്ഥം ഒന്നും അറിയുന്നില്ല. ഹനുമാനേയും മഹാവീരൻ എന്നു വിളിക്കുന്നു. ഇപ്പോൾ ഹനുമാൻ എവിടെ,  പിന്നെ ആദിദേവൻ എന്നു വിളിക്കുന്ന മഹാവീരൻ എവിടെ . ജൈനമുനി മഹാരാജ് എന്തുപറഞ്ഞോ അത് തുടർന്നുവന്നു. ഇപ്പോൾ ചെപ്പടി വിദ്യകളും വളരെ അധികമുണ്ട്. ഈ ബാബയ്ക്ക് എല്ലാവരേയും അറിയാം. വളരെ പരിശ്രമിക്കുന്നു, കൈയ്യിൽ നിന്ന് കുങ്കുമം എടുക്കുന്നു. മനുഷ്യർ കരുതുന്നു ഹോ എന്തൊരത്ഭുതം. ഉടൻ ശിഷ്യന്മാരാകുന്നു. ചെപ്പടി വിദ്യ ചെയ്യുന്നവർക്ക് അനേകം ശിഷ്യന്മാരുണ്ട്. ഇവിടെയാണെങ്കിൽ അക്കാര്യമില്ല. .

ബാബ പറയുന്നു–ഞാൻ 5000 വർഷം മുമ്പെന്നപോലെ വന്നിരിക്കുകയാണ്. ഇങ്ങനെ മറ്റാർക്കും പറയാൻ കഴിയില്ല. കുട്ടികൾ പറയുന്നു– ബാബാ, 5000 വർഷങ്ങൾക്കു മുമ്പ് ഞങ്ങളും വന്നിരുന്നു. അങ്ങയിൽ നിന്ന് സ്വർഗ്ഗീയ സമ്പത്ത് നേടിയിരുന്നു. ഇപ്പോൾ വീണ്ടും വന്ന് ബ്രഹ്മാവിലൂടെ പരമപിതാ പരമാത്മാവിന്റെ കുട്ടികൾ ആയിരിക്കുന്നു. ലോകമിന്ന് കലിയുഗമാണ്. കലിയുഗത്തിൽ ബ്രാഹ്മണർ എവിടെ നിന്ന് വന്നു? ബ്രാഹ്മണർ സംഗമത്തിലാണ് വേണ്ടത്. കാലും കുടുമയും, സംഗമമായില്ലേ. ശൂദ്രന്റേയും ബ്രാഹ്മണരുടേയും സംഗമം. ശൂദ്രനിൽ നിന്ന് വീണ്ടും ബ്രാഹ്മണനാകുന്നു. ഈ 84 ജന്മങ്ങളുടെ ചക്രത്തെ ആരും അറിയുന്നില്ല. നിങ്ങൾക്ക് അറിയാം– നമ്മൾ ബ്രാഹ്മണരാണ്, പ്രാക്ടിക്കലായി ബ്രഹ്മാവിന്റെ സന്താനമായിരിക്കുന്നു. ആ ബ്രാഹ്മണരോട് നിങ്ങൾക്ക് പറയാം– നിങ്ങൾ ബ്രാഹ്മണർ സ്വയം ബ്രഹ്മാവിന്റെ സന്താനങ്ങളാണെന്ന് പറയുന്നു. ശരി, എങ്കിൽ ബ്രഹ്മാവിന്റെ അച്ഛൻ ആരാണ്? പറയാൻ കഴിയില്ല. പാട്ടയിലെ കല്ല് പോലെ. പറയുന്നു, ഞങ്ങൾ ബ്രാഹ്മണർ തന്നെയാണ് ഭഗവാൻ! നിങ്ങൾ എല്ലാവരും ഭക്തരായിരുന്നു. ഇപ്പോൾ പറയുന്നു– ഞങ്ങൾ ലക്ഷ്മിയെ വരിക്കാൻ യോഗ്യരായി മാറുകയാണ്. ഇതിനായി പുരുഷാർത്ഥം ചെയ്യുന്നു. മനസ്സിലാക്കു, നമ്മൾ പരമധാമത്തിൽ നിന്നും വന്നതാണ്. ഇപ്പോൾ ബാബ വീണ്ടും തിരികെ കൊണ്ടുപോകാൻ വന്നിരിക്കുകയാണ്. നമ്മളും ബ്രഹ്മാണ്ഡത്തിന്റെ അധികാരികളാണ്. ബാബയും പഴയ ശരീരത്തിൽ വന്നിരിക്കുകയാണ്. നമ്മളും പഴയ ശരീരത്തിലാണ്. ബാബ പറയുന്നു– എനിക്കും പഴയ ശരീരം എടുക്കേണ്ടിവരുന്നു. ഇപ്പോൾ അച്ഛനായ എന്നെ ഓർമ്മിക്കു എങ്കിൽ വികർമ്മം വിനാശമാകും. സമയവും നൽകുന്നു. കുറഞ്ഞത് 8 മണിക്കൂറെങ്കിലും പാണ്ഡവ ഗവൺമെന്റിന്റെ സേവനം ചെയ്യണം. രാജയോഗം പഠിപ്പിക്കണം. ശംഖധ്വനി മുഴക്കണം. നിങ്ങൾ ശ്രീമതത്തിലൂടെ നടന്ന് പ്രധാനമായും ഭാരതത്തേയും ഒപ്പം മുഴുവൻ വിശ്വത്തേയും സ്വർഗ്ഗമാക്കി മാറ്റുന്നു. സ്വർഗ്ഗത്തിലേയ്ക്ക് നിങ്ങൾ മാത്രമേ വരുന്നുള്ളു മറ്റു ധർമ്മത്തിലുള്ളവർക്ക് വരാൻ കഴിയില്ല. ബ്രാഹ്മണൻ, ദേവതാ, ക്ഷത്രിയൻ, വൈശ്യൻ പിന്നെ ശൂദ്രൻ– അതിനെയാണ് വിരാടസ്വരൂപം എന്നു പറയുന്നത്. വിരാടരൂപത്തിന്റെ ഒരു ചിത്രം ഉണ്ടാക്കണം എങ്കിൽ മനുഷ്യർക്ക് സഹജമായി മനസ്സിലാക്കാൻ സാധിക്കും. വിഷ്ണുവിനെ വിരാടരൂപത്തിലേയ്ക്ക് കൊണ്ടുവന്നിരിക്കുന്നു. ചിത്രം തീർച്ചയായും വേണമല്ലോ. സ്ക്കൂളിലും ചിത്രങ്ങൾ

വെയ്ക്കാറുണ്ടല്ലോ. ഇല്ലെങ്കിൽ കുട്ടികൾക്ക് എങ്ങനെ അറിയും- ആന എങ്ങനെയാണെന്ന്. ചിത്രത്തിലൂടെ കാണിക്കുന്നു. അതുപോലെ ഇവിടെയും നാല് യുഗങ്ങളുണ്ട്. ഇപ്പോൾ കലിയുഗമാണ്. തീർച്ചയായും ചക്രം കറങ്ങും. സംഗമത്തിലാണ് ബ്രാഹ്മണർ ഉണ്ടാവുക. ബാക്കിയുള്ളത് ലൗകിക ബ്രാഹ്മണർ, വഴികാട്ടികളാണ്. അവർ ബ്രഹ്മാമുഖവംശാവലികളല്ല. ബ്രഹ്മാമുഖവംശാവലികൾക്ക് മുത്തച്ഛനിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. ആ ബ്രാഹ്മണർക്ക് സമ്പത്ത് എവിടെനിന്ന് ലഭിക്കാനാണ്! ഈ കാര്യങ്ങളെല്ലാം നിങ്ങളും നമ്പർവൈസായാണ് മനസ്സിലാക്കുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. ബുദ്ധികൊണ്ട് എല്ലാം സറണ്ടർ ചെയ്ത് ട്രസ്റ്റിയായിരിക്കണം. വളരെ ശ്രദ്ധയോടെ ശ്രീമതമനുസരിച്ച് സർവ്വകാര്യങ്ങളും ചെയ്യണം.

2. ബാബയേയും സമ്പത്തിനേയും ഓർമ്മിച്ച് അപാരമായ സന്തോഷത്തിൽ കഴിയണം. ബാബയുടെ ഓർമ്മയിൽ ലഹരിയോടെ മുഴുകണം. സത്യമായ പ്രിയതമയായി മാറണം.

## വരദാനം:- ഒതുക്കുന്നതിന്റെയും ചുരുക്കുന്നതിന്റെയും ശക്തിയിലൂടെ ഏകാഗ്രതയുടെ അനുഭവം ചെയ്യുന്ന സാരസ്വരൂപരായി ഭവിക്കട്ടെ.

ദേഹം, ദേഹത്തിന്റെ സംബന്ധം, വസ്തുക്കൾ ഇവക്ക് വളരെ വലിയ വിസ്താരമാണ്. എല്ലാവിധത്തിലുമുള്ള വിസ്താരത്തെയും സാരസ്വരൂപത്തിൽ കൊണ്ടുവരുന്നതിന് ഒതുക്കുന്നതിന്റെയും ചുരുക്കുന്നതിന്റെയും ശക്തി ആവശ്യമാണ്. സർവ്വ വിധത്തിലുള്ള വിസ്താരത്തെയും ഒരു ബിന്ദുവിൽ ഒതുക്കൂ. ഞാനും ബിന്ദു, ബാബയും ബിന്ദു, ബിന്ദുവായ ബാബയിൽ മുഴുവൻ ലോകവും അടങ്ങിയിട്ടുണ്ട്. അതിനാൽ ബിന്ദുരൂപം അർത്ഥം സാരസ്വരൂപമാകുക അതായത് ഏകാഗ്രമാകുക. ഏകാഗ്രതയുടെ അഭ്യാസത്തിലൂടെ സെക്കന്റിനുള്ളിൽ എവിടെ വേണമോ, എപ്പോൾ വേണോ ബുദ്ധിക്ക് ആ സ്ഥിതിയിൽ സ്ഥിതി ചെയ്യാൻ സാധിക്കുന്നു.

## സ്ലോഗൻ:- ആര് സദാ ആത്മീയതയുടെ സ്ഥിതിയിൽ ഇരിക്കുന്നുവോ അവർ തന്നെയാണ് ആത്മീയ റോസാപുഷ്പം.